**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാര്യവട്ടം ക്യാമ്പസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഡോ: എസ്. രാധാകൃഷ്ണൻ കാര്യവട്ടം ക്യാമ്പസിന് തറക്കല്ലായിട്ട ശിലാഫലകം സർവ്വകലാശാലയുടെ സ്റ്റോർ റൂമിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫലകം ക്യാമ്പസിന്റെ പ്രവേശനകവാടത്തിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | മുൻ ഇന്ത്യൻ പ്രസിഡന്റ് ഡോ. എസ് രാധാകൃഷ്ണൻ, കാര്യവട്ടം ക്യാമ്പസിന് തറക്കല്ലായിട്ട ശിലാഫലകം കാര്യവട്ടം ക്യാമ്പസിനുള്ളിലെ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട കെട്ടിടത്തിനുള്ളിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്. ഈ ശിലാഫലകം കൂടി ഉൾപ്പെടുത്തിയാണ് പുതുതായി പണികഴിപ്പിക്കുന്ന പ്രധാന പ്രവേശന കവാടം രൂപകൽപന ചെയ്തിട്ടുള്ളത്. പ്രവേശനകവാടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ശിലാഫലകം അതിൽ ഉറപ്പിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ